പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 104 | 23.01.2018 ൽ മറുപടിക്ക്

## കമ്പഴ-കല്ലേലി വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കമ്പഴ-കല്ലേലി വിമാനത്താവളത്തെ സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ്; ഓരോരുത്തരും നൽകിയ<br>(ബി) പ്രൊപ്പോസലുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;<br>(സി) ഇതു സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;<br>(ഡി) UNIWDE Engineers and Contractors Pvt. Ltd. എന്ന കമ്പനി പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;<br>(ഇ) ആയതിന്റെ നിലിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും<br>ഇതു സംബന്ധിച്ച് വിവിധ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകുകയും സാധ്യതാ പഠനത്തിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും കൺസെൾട്ടന്റായി M/s.ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർദ്ദിഷ്ട എയർപോർട്ടിനായുള്ള ഭൂമിയുടെ വിസ്തീർണം, തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ നിന്നുമുള്ള ദൂരം, തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്കുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗത സൗകര്യം, റിസർവ് വനത്തിന്റെ സാന്നിദ്ധ്യം മറ്റു വികസന സാദ്ധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഉദ്യോഗസ്ഥ സംഘം പ്രാഥമിക പരിശോധന നടത്തിയ പത്തനംതിട്ട, കോട്ടയം ജില്ലകളിലെ 6 സ്ഥലങ്ങളിൽ കല്ലേലി-കമ്പഴ എസ്റ്റേറ്റുകളും ഉൾപ്പെട്ടിരുന്നു. മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയ പട്ടികയിൽ നിന്നും ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തു കൊണ്ട് 21.07.2017 ലെ ജി.ഒ(എം.എസ്) 60/2017/ഗതാ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

SR...

സെക്ഷൻ ഓഫീസർ